പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4788 — 21.10.2011-ൽ മറുപടിയ്ക്ക്

കെ. എസ്. ഇ. ബി. യുടെ സ്ഥാപനവൽക്കരണം എ. പി. ഡി. ആർ. പി. പദ്ധതി.

| ചോദ്യം<br>ശ്രീ. വി. ശശി : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി. യുടെ സ്ഥാപന വൽക്കരണം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ; | (എ) | ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് " എന്ന പേരിൽ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥത യിലുള്ള ഒരു കമ്പനി 2011 ജനുവരി 14ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കമ്പനിയിലേയ്ക്ക് ബോർഡിന്റെ ആസ്തി - ബാധ്യതകൾ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പുന:സംഘടിപ്പിച്ച എ. പി. ഡി. ആർ. പി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, കളക്ഷൻ, ഊർജ്ജത്തിന്റെ ഉപയോഗം, ഊർജ്ജ നഷ്ടം, ഉപഭോക്താവിനുള്ള പരാതികൾ പരിഹരിയ്ക്കൽ എന്നീ മേഖലകളിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം നടപ്പിലാക്കുക എന്നതും, സാങ്കേതിക വാണിജ്യനഷ്ടം 15% ആക്കി കുറയ്ക്കുക എന്നതും, അത് അഞ്ച് വർഷത്തേയ്ക്ക് നിലനിർത്തുക, തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ SCADA/DMS പദ്ധതി നടപ്പിലാക്കി വിതരണരംഗത്തെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നതും ആർ. എ. പി. ഡി. ആർ. പി യുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും എന്തെന്ന് | (സി) | 30000-ൽ അധികം ജനസംഖ്യയുള്ള (2001 ലെ സെൻസസ് പ്രകാരം) പട്ടണങ്ങളാണ് ആർ. എ. പി. ഡി. ആർ. |

വ്യക്തമാക്കാമോ ; പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാമാണ് ;

പി പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ 4 ലക്ഷത്തിലധികം ജനസംഖ്യയുള്ളതും 350 MU ഊർജ്ജം വാർഷിക വിനിയോഗമുള്ളതുമായ നഗരങ്ങളിൽ SCADA/DMS പദ്ധതി നടപ്പിലാക്കുന്നതിനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നു. ഈ പദ്ധതിനടപ്പിലാക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ അനുബന്ധം ആയി ചേർത്തിരിയ്ക്കുന്നു.

(ഡി) പ്രസ്തുത സ്ഥലങ്ങളിൽ എവിടെയൊക്കെ പദ്ധതി ആരംഭിച്ചിട്ടുണ്ട് ;

(ഡി) ആർ. എ. പി. ഡി. ആർ. പി പദ്ധതി പ്രകാരം വിതരണ മേഖല ശക്തിപ്പെടുത്തി സാങ്കേതിക - വാണിജ്യ നഷ്ടം 15% ആക്കി കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ 40 ടൗണുകളിൽ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ പ്രവൃത്തികൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഇ) തിരുവനന്തപുരം ജില്ലയിൽ എന്നു മുതൽ ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

(ഇ) തിരുവനന്തപുരം ജില്ലയിലെ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികൾ കോടതി ഉത്തരവിനെ തുടർന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. SCADA/DMS പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.

Annexure

## R-APDRP Projects-
## Part-A(IT) &Part-B

| Sl no | Name of Town/project |
|---|---|
| 1 | Alappuzha |
| 2 | Aroor |
| 3 | Chittur -Tattamangalam |
| 4 | Chokli-Peringathur |
| 5 | Kayamkulam |
| 6 | Kunnamkulam |
| 7 | Malappuram |
| 8 | Neyyattinkara |
| 9 | Payyanur |
| 10 | Punalur |
| 11 | Tirur |
| 12 | Attingal |
| 13 | Chalakudy |
| 14 | Changanacherry |
| 15 | Cherthala |
| 16 | Kanhangad |
| 17 | Kannur |
| 18 | Kasaragod |
| 19 | Kollam |
| 20 | Koyilandy |
| 21 | Nedumangad |
| 22 | Pappinissery |
| 23 | Paravur |
| 24 | Ponnani |
| 25 | Thiruvalla UA |
| 26 | Thodupuzha |
| 27 | Varkala |
| 28 | Mattannur |
| 29 | Guruvayur |
| 30 | Pathanamithitta |
| 31 | Perinthalmanna |
| 32 | Kothamangalam |
| 33 | Vadakara |
| 34 | Kodungallur |
| 35 | Palakkad |
| 36 | Shoranur |
| 37 | Ottapalam |
| 38 | Thaliparamba |
| 39 | Thrissur |
| 40 | Kottayam |
| 41 | Thiruvananthapuram |
| 42 | Kozhikode |
| 43 | Kochi |

## R-APDRP PART-A (SCADA/DMS) Projects-

| Sl no | Name of Town/project |
|---|---|
| 1 | Thiruvananthapuram |
| 2 | Kochi |
| 3 | Kozikode |